മാതൃകാ ചോദ്യപേപ്പർ

1. സൂറത്തുത്വൂറിലെ സത്വവാചകങ്ങൾക്ക് ശേഷം ആദ്യം സംസാരിക്കുന്നത് ഇതിൽ ഏതിനെ സംബന്ധിച്ചാണ്?
   A പർവതം B ആകാശം C നരകം D ക്ഷമ
2. സൂറത്തുത്വൂറിൽ വ്യാജമാക്കിയത് എന്ന് പറഞ്ഞത് എന്തിനെകുറിച്ചാണ്?
   A ക്വുർആൻ B മരണം C നരകം D പരലോകം
3. സൽകർമ രംഗത്ത് തങ്ങളുടെ നിലപാടിൽ എത്തിച്ചേർന്നിട്ടില്ലെങ്കിലും സത്യവിശ്വാസികളായ നല്ലമക്കളേയും തങ്ങളെയുമൊന്നിച്ച് സ്വർഗീയ സുഖസൗകര്യങ്ങൾ ആസ്വദിക്കാൻ അല്ലാഹു അവർക്ക് ഭാഗ്യമുണ്ടാക്കും എന്ന ആശയം വരുന്ന വചനം വിശുദ്ധ ക്വുർആനിലെ ഏത് അധ്യായത്തിലാണ്?
   A സൂറ.ത്വൂർ B സൂറ.നംല് C സൂറ.അഹ്ഖാഫ് D സൂറ.ഖസ്വസ്
4. സൂറത്തുനജ്മിന്റെ പ്രത്യേകത അല്ലാത്തത് ഏത്?
   A തിലാവത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന ആയത്ത് അവതരിച്ച ആദ്യ അധ്യായം
   B 62 വചനങ്ങൾ ഉള്ള അധ്യായം
   C ജിബ്രീൽ(അ)നെ പ്രവാചകൻ നേരിച്ചുകണ്ടു എന്ന് പറയുന്ന അധ്യായം
   D മുനാഫിക്കുകളുടെ പരലോകത്തെ അവസ്ഥ വിവരിക്കുന്ന അധ്യായം
5. നബി(സ)ജനമധ്യേ പരസ്യമായി ഓതിക്കേൾപിച്ച ഒന്നാമത്തെ സൂറത്ത് നജ്മാണെന്നും മുശ്രിക്കുകൾകൂടിയുള്ള സദസ്സിൽ ഓതിയെന്നും റിപ്പോർട്ട് ചെയ്ത സ്വഹാബി?
   A ഇബ്നു മസ്ഊദ്(റ) B ബിലാൽ(റ)
   C ഉമർ(റ) D ഖദീജ(റ)
6. രണ്ട് വ്യത്യസ്ത അർഥത്തിൽ വന്ന ഒരു പദം?
   A أَشِر B هَوَى C حَقّ D حَاصِب
7. ജിബ്രീൽ (അ) ന് എത്ര ചിറകുകൾ ഉണ്ട്?
   A 60 B 360 C 400 D 600
8. ഞാനും ..... വും ഈ രണ്ടു വിലരുകൾ കണക്കെ ആയിക്കൊണ്ടാണ് എന്നെ നിയോഗിച്ചിച്ചുള്ളത്?
   A സ്വഹാബത്ത് B മരണം C അന്ത്യദിനം D സ്വർഗം
9. ഹിജ്റയുടെ അഞ്ച് വർഷം മുമ്പ് നടന്ന ഒരു സംഭവം?
   A ചന്ദ്രൻ പിളർന്നു B ഉമർ(റ)ഇസ്ലാം സ്വീകരിച്ചു
   C ഖദീജ(റ)യുടെ മരണം D നബി (സ) ജിബ്രീൽ (അ) യെ നേരിൽകണ്ടു
10. فَتْحُ الْبَارِي യുടെ രചയിതാവ്?
   A ബുഖാരി(റഹി) B ഇബ്നുഹജറുൽ അസ്ഖലാനി(റഹി)
   C അല്ലാമ ശൗക്കാനി(റഹി) D ഇബ്നുൽ അസീർ(റഹി)
11. ഞാൻ പരാജിതനാണ്. അതിനാൽ നീ രക്ഷാ നടപടിയെടുക്കേണമേ എന്ന് പ്രാർഥിച്ച പ്രവാചകൻ ആര്?
   A നൂഹ്(അ) B മൂസാ(അ) C സ്വാലിഹ്(അ) D ലൂത്ത്(അ)
12. ജ്വലിക്കപ്പെട്ടത് എന്നർഥത്തിൽ ഉപയോഗിക്കുന്ന പദം?
   A الْمَسْجُور B جِنت C الحِصَام D الْوَقر
13. സൂറത്തുത്വൂറിൽ غِلْمَان എന്ന പദത്തിന്റെ വിശേഷണമായി പറഞ്ഞവാക്ക് എന്ത്?
   A زَهر B غَيْث C لُؤْلُؤ D طِين
14. സൂറത്തുത്വൂറിൽ സ്വർഗക്കാർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ എണ്ണിപ്പറഞ്ഞതിൽ പെടാത്തത് ഏത്?

A പഴവർഗങ്ങൾ B മാംസം C മദ്യം D കർപൂരം

15. സത്യവിശ്വാസിയായ മനുഷ്യന്റെ സന്താനങ്ങൾ അവനേക്കാൾ കർമത്തിൽ താഴെക്കിടയിലുള്ളവരായിരുന്നാലും അവന്റെ കൺകുളിർമക്ക് വേണ്ടി അവരുടെ പദവി അവന്റെ പദവിയിലേക്ക് അല്ലാഹു ഉയർത്തിക്കൊടുക്കും. ഇതിന് തെളിവായി ഇബ്നു അബ്ബാസ്(റ)ഉദ്ധരിച്ച വചനം ഏത്?

A 13:25 B 26:7 C 52:21 D 32:47

16. നബി(സ) ഏറ്റവും കൂടുതൽ സൂക്ഷ്മത കാണിച്ചിരുന്ന ഐഛിക നമസ്കാരം ഏത്?

A തഹിയ്യത്ത് B സുബ്ഹിയുടെ മുമ്പുള്ള രണ്ട് റക്അത്ത്

C രാത്രി നമസ്കാരം D ളുഹാ നിസ്കാരം

17. നബി(സ) രാത്രിയുടെ ആദ്യത്തിൽ ഉറങ്ങുകയും അതിന്റെ അവസാനത്തിൽ നമസ്കാരത്തിന് നിൽകുകയും ചെയ്തിരുന്നു എന്ന ഹദീസ് റിപ്പോർട്ട് ചെയ്തതാര്?

A അനസ്(റ) B ഇബ്നു ഉമർ(റ) C ആയിശ(റ) D അബൂഹുറയ്റ(റ)

18. സൂറത്തുത്വൂറിൽ സ്വർഗക്കാരുടെ സംഭാഷണമായി പറയുന്ന വചനങ്ങൾ ഏവ?

A 25-28 B 24-28 C 28-31 D 35-39

19. സ്വർഗവാസികളുടെ സംസാരമായി സൂറത്തുത്വൂറിൽ വന്ന വചനത്തിൽ പരാമർശിച്ച അല്ലാഹുവിന്റെ ഒരു നാമം?

A الْبَرّ B الرَّحمن C الْحَكِيم D الْحَلِيم

20. വിശുദ്ധ ക്വുർആൻ പ്രവാചകൻ(സ) സ്വയം കെട്ടിപ്പറയുന്നതാണെന്ന് വാദിക്കുന്നവരോടുള്ള വെല്ലുവിളി ഏത് വചനത്തിലാണ്?

A 52:18 B 52:31 C 52:34 D 52:37

21. സൂറത്തുത്വൂറിലെ വചനങ്ങൾ കേട്ട് ഇസ്ലാം സ്വീകരിച്ച സ്വഹാബി?

A ഉമർ(റ) B ജുബൈർ ബ്നു മുത്വ്ഇം(റ)

C ഉക്കാശ(റ) D ജാബിർ ബ്നു സമുറ(റ)

22. ഏത് പ്രവാചകന്റെ നിയോഗത്തോട് കൂടിയാണ് ജിന്നുകൾക്ക് ആകാശത്തേക്കുള്ള പ്രവേശനം മുടക്കപ്പെട്ടത്?

A മുഹമ്മദ് നബി(സ) B ഈസാ(അ) C മൂസാ(അ) D ഇബ്റാഹീം(അ)

23. أَمْ لَهُمْ إِلَٰهٌ غَيْرُ اللَّهِ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ സൂറത്തുത്വൂറിലെ എത്രാമത്തെ വചനമാണിത്?

A 35 B 39 C 43 D 45

24 “ആട്ടിയകറ്റപ്പെട്ട” എന്നർഥം വരുന്ന പദം?

A مَرْكُوم B سَاقط C مَنُون D رَهِين

25. സൂറത്തുത്വൂറിലെ അവസാന പദം ഏത്?

A لَا يَعْلَمُون B النُّجُوم C يُوعَدُون D مُحِيط

26. സൂറത്തുത്വൂറിൽ അല്ലാഹുവിനെ തസ്ബീഹ് ചെയ്യാൻ എത്ര തവണ ആവശ്യപ്പെടുന്നുണ്ട്?

A 1 B 2 C 8 D 17

27. അല്ലാഹുവിനെ തസ്ബീഹ് ചെയ്യാൻ കൽപിച്ച് കൊണ്ട് അവസാനിക്കുന്ന അധ്യായം ഏത്?

A സൂറ.ത്വൂർ B സൂറ.മുജാദില C സൂറ.സബഅ് D സൂറ.ഹദീദ്

28. മനസാ വാചാ കർമണാ ഉണ്ടാകുന്ന എല്ലാ ആരാധനകൾക്കും പൊതുവായും നിസ്കാരത്തിനു പ്രത്യേകമായും തസ്ബീഹ് എന്ന് പറയാറുണ്ട് എന്ന് പറഞ്ഞ പണ്ഡിതൻ ആര്?

A ബൈളാവി(റഹി) B ഇബ്നുകഥീർ(റഹി) C റാഗിബ്(റഹി) D ഗസ്സാലി(റഹി)

29. സൂറത്തുനജ്മിൽ നബി(സ) യെ ഉദ്ദേശിച്ച് കൊണ്ട് ഉപയോഗിച്ച പദം?

A عَبْد B صَاحِب C أَمِين D مُؤْمِن

30. شَدِيدُ الْقُوى എന്നത് കൊണ്ടുള്ള ഉദ്ദേശം?

A കാറ്റ് B മല്ലന്മാർ C ജിബ്‌രീൽ(അ) D നരകം

31. رُوحُ الْقُدُس എന്ന് ജിബ്‌രീൽ(അ) നെ കുറിച്ച് പറഞ്ഞ അധ്യായം ഏത്?
A സൂറ.നജ്മ് B സൂറ.നഹ്ൽ C സൂറ.ഹദീദ് സൂറ.ലുക്മാൻ

32. സൂറത്തുൽ ഖമറിൽ വിശുദ്ധ ഖുർആനിനെ കുറിച്ച് പറഞ്ഞതെന്ത്?
A حِكْمَة B الفُرْقَان C شِفَاء D الْعَظِيم

33. അല്ലാഹുവിന്റെ ഏറ്റവും ഉൽകൃഷ്ടമായ നാമം ഏത്?
A അല്ലാഹു B റഹ്മാൻ C റഹീം D ഗഫൂർ

34. ഈസാ നബി(അ)ക്ക് ശേഷം സത്യമാർഗത്തിൽ നിലകൊണ്ട മൂന്ന് വിഭാഗം ആളുകളിൽ ഒരു വിഭാഗം അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി സന്യാസ ജീവിതം നയിച്ച സംഭവം ഉദ്ധരിച്ചത് ആര്?
A ഇബ്നു അബീഹാതിം(റ) B ത്വബ്റാനി(റ) C മുസ്‌ലിം(റ) D അലി(റ)

35. നബി(സ) യുടെ അടുക്കൽ ഉപദേശം സ്വീകരിക്കാൻ വന്ന വ്യക്തിയോട് പറഞ്ഞ ഉപദേശങ്ങളിൽ "അത് ഇസ്‌ലാമിലെ സന്യാസമാകുന്നു" എന്ന് പറഞ്ഞത് എന്തിനെകുറിച്ചാണ്?
A ഭയഭക്തി B ജിഹാദ് C ദിക്ർ D ഖുർആൻ പാരായണം

36. സൂറത്തു റഹ്മാൻ എത്രാമത്തെ അധ്യായമാണ്?
A 53 B 54 C 55 D 56

37. മദീനയിൽ അവതരിച്ച അധ്യായം?
A സൂറ.റഹ്മാൻ B സൂറ.നജ്മ് C സൂറ.ഖമർ D സൂറ.ഹദീദ്

38. മുസബ്ബിഹാത്തിൽപെട്ട ഒരു അധ്യായം?
A സൂറ.ഹദീദ് B സൂറ.ഖമർ C സൂറ.ദാരിയാത്ത് D സൂറ.വാഖിഅഃ

39. സൂറത്തുൽ ഇസ്റാഈലിൽ എല്ലാ വസ്തുക്കളും അല്ലാഹുവിനെ തസ്ബീഹ് ചെയ്യുന്നു എന്ന് പറയുന്ന വചനം ഏത്?
A 15 B 37 C 44 D 52

40. സൂറത്തുൽഖമറിൽ പറഞ്ഞ ഒരു ജീവി?
A جَرَاد B غُرَاب C ذُبَاب D حِمَار

41. ബാബിലോണിയയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ?
A നൂഹ്(അ) B മൂസാ(അ) C സ്വാലിഹ്(അ) D ലൂത്വ്(അ)

42. فَبِأَيِّ آلاَءِ رَبِّكُمَا تُكَذِّبَان എന്ന വചനം സൂറത്തുറഹ്മാനിൽ എത്ര തവണ വന്നിട്ടുണ്ട്?
A 18 B 26 C 31 D 44

43. عروس القرآن എന്ന പേരിലറിയപ്പെടുന്ന അധ്യായം?
A സൂറ.അറഹ്മാൻ സൂറ.യാസീൻ C സൂറ.ഫാത്തിഹ D സൂറ.അന്നൂർ

44. وَهُوَ بِالأُفُقِ الأَعْلَى എന്ന വചനത്തിൽ هُوَ എന്നത് കൊണ്ടുള്ള ഉദ്ദേശം?
A അല്ലാഹു B മുഹമ്മദ് നബി(സ) C ജിബ്‌രീൽ(അ) D ഈസാ(അ)

45. വസ്തുക്കൾ തമ്മിൽ അങ്ങേയറ്റം അടുത്തുവന്നു എന്ന് കാണിക്കുന്ന അലങ്കാര പ്രയോഗം ഏത്?
A دَنَا فَتَدَلَّى B قَابَ قَوْسَيْن C دَنَى وقَرُبَ D قَرُبَ قُرْبَةً

46. قَلْب എന്ന പദത്തിന്റെ പര്യായപദം?
A فُؤَادٌ B وَهَنٌ C جَوْف D سِدْر

47. നബി(സ) ജിബ്‌രീൽ(അ) യെ എത്ര തവണ നേരിൽ കണ്ടിട്ടുണ്ട്?
A 11 B 6 C 3 D 2

48. സിദ്റത്തുൽ മുൻതഹക്ക് അടുത്തുള്ള സ്വർഗത്തിന്റെ പേര്?
A نَعِيم B فِرْدَوْس C مَأْوَى D خُلْد

49. وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ എന്ന വചനം 4 തവണ സൂറത്തുൽഖമറിൽ വന്നിരിക്കുന്നു. നാലാമത്തെ തവണ വന്ന വചനം ഏത്?

A 32 B 36 C 40 D 41

50. نذر എന്നപദം സൂറത്തുൽഖമറിൽ എത്ര തവണ വന്നിട്ടുണ്ട്?

A 2 B 5 C 11 D 15

51. അല്ലാഹു പ്രതിഫലമുണ്ടെന്ന് പറഞ്ഞതിൽപെടാത്തവർ ആര്?

A ഈസാ(അ)യിലും മുഹമ്മദ് നബി(സ)യിലും വിശ്വസിച്ച വേദക്കാർ

B അല്ലാഹുവിനോടും തന്റെ യജമാനനോടും ഉള്ള കടമ നിർവഹിച്ച അടിമ

C അടിമസ്ത്രീക്ക് ശിക്ഷണം നൽകുകയും പിന്നീട് അവരെ വിവാഹം ചെയ്യുകയും ചെയ്ത മനുഷ്യൻ

D തന്റെ കുടുംബത്തിന്റെ കാര്യത്തിൽ ശ്രദ്ധകാണിക്കുന്നതോടൊപ്പം യതീമുകളെ സംരക്ഷിക്കുകയും ചെയ്തവൻ

52. ക്വുർആനിന്റെ പ്രത്യേകമായ ഒരു നിഘണ്ടു?

A القَامُوس B المُنجد C المُفْردات D المَنْحَل

53. കപ്പൽ എന്ന അർഥത്തിൽ സൂറത്തുറഹ്മാനിൽ പ്രയോഗിച്ച പദം?

A سَفِينة B جَارِية C مُنشَئَات D رِكَاب

54. സൂറത്തുറഹ്മാനിലെ എത്രാമത്തെ വചനമാണ് كُلُّ مَنْ عَلَيْهَا فَانٍ ?

A 17 B 18 C 21 D 26

55. ലോകാവസാനം വരെയുള്ള കാര്യങ്ങളെല്ലാം നിർണ്ണയിക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് നബി(സ) യുടെ വചനവും അല്ലാഹു എല്ലാ ദിവസവും ഓരോ കാര്യത്തിലാണ് എന്ന വചനവും എങ്ങിനെ യോജിക്കും? എന്ന ചോദ്യത്തിൽ അവൻ വെളിക്കു വരുത്തുന്ന കാര്യങ്ങളാണ് അവൻ ആദ്യമായിതുടങ്ങിയതല്ല എന്ന് മറുപടി പറഞ്ഞതാര്?

A സഈദ് ബ്നു മുസയ്യിബ്(റ) B ഹുസൈൻ ബ്നു ഫള്ൽ(റ)

C ഇമാം അഹ്മദ്(റ) D ഇബ്നു കഥീർ(റ)

56. وغشيها الوان لا أدرى ماهي എന്ന് പറഞ്ഞത് എന്തിനെ സംബന്ധിച്ചാണ്?

A സ്വർഗം B അനുഗ്രഹം C സിദ്റത്തുൽമുൻതഹ D വേദഗ്രന്ഥങ്ങൾ

57. സൂറത്തുനജ്മിലെ ഏത് വചനത്തിലാണ് സിദ്റതുൽമുൻതഹയെ കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്?

A 11 B 14 C 15 D 28

58. എത്ര ദിവസങ്ങൾകൊണ്ടാണ് ആകാശ ഭൂമികളെ സൃഷ്ടിച്ചത്?

A 6 B 7 C 700 D 1000

59. ശക്തനായ സത്യവിശ്വാസി കൂടുതൽ നല്ലവനും ദുർബലനായ സത്യവിശ്വാസിയേക്കാൾ അല്ലാഹുവിന് കൂടുതൽ ഇഷ്ടപ്പെടുന്നവനുമാകുന്നു. എല്ലാവരിലും നന്മയുണ്ട്താനും.

A ഹദീസ് B ക്വുർആൻ C തഫ്സീർ D സ്വഹാബിയുടെ വാക്ക്

60. സൂറത്തുൽ ഹദീദിൽ വിജയം എന്ന് പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശമായി പണ്ഡിതന്മാർ പറയാത്തത് ഏത്?

A മക്കാ വിജയം B പരലോക വിജയം

C ഹുദൈബിയാ സന്ധി D ഇസ്ലാമിക വിജയം

61. പരലോകത്ത് വെച്ച് സത്യവിശ്വാസികളോട് പ്രകാശം ആവശ്യപ്പെടുന്ന വിഭാഗം ആര്?

A മുശ്രിക്കുകൾ B കപടവിശ്വാസികൾ C കാഫിറുകൾ D പലിശഭുജിച്ചവർ

62. മുനാഫിഖുകളുടെ ബന്ധുവായി ക്വുർആൻ പരിചയപ്പെടുത്തുന്നത് എന്ത്?

A പിശാച് B നരകം C ഫിർഔൻ D തിന്മ

63. ..... ഖിയാമത്ത് നാളിൽ അന്ധകാരങ്ങളായിരിക്കും?

A ശിർക്ക് B ബിദ്അത്ത് C അക്രമം D നീചവൃത്തി

64. പ്രവാചകന്മാരുടെ പദവി കഴിഞ്ഞാൽ മനുഷ്യൻ എത്തിച്ചേരുന്ന ഉന്നത പദവി ഏത്?
A സിദ്ധീഖ് B അബ്റാർ C മുഖർറബ് D മുത്തകി

65. സൂറത്തുനജ്മിൽ സിദ്റത്ത് എന്ന പദം വന്ന വചനങ്ങൾ ഏവ?
A 11,13 B 13,15 C 14,16 D 16,19

66. സ്വർഗക്കാരുടെ കൂട്ടത്തിൽ നിങ്ങൾ പകുതിഭാഗം തന്നെ വരുമെന്നാണ് എന്റെ പ്രതീക്ഷ. എന്ന ഹദീസ് നിവേദനം ചെയ്തതാര്?
A ബുഖാരി(റ) B മുസ്ലിം(റ) C മുതഫകുൻ അലൈഹി D തിർമിദി(റ)

67. അതിനെ നാം ഒരു സ്മരണയാക്കിയിരിക്കുന്നു എന്ന് സൂറത്തുൽവാഖിഅയിൽ പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശം?
A ക്വുർആൻ B തീ C മരണം D ദൃഷ്ടാന്തം

68. നരകക്കാർക്ക് ലഭിക്കുന്ന ഭക്ഷണ പാനീയങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
A ضَرِيع B زَقُوم C حَمِيم D سَمُوم

69. ജ്ഞാനവുമായി ബന്ധപ്പെട്ടത്, പ്രത്യേകവസ്തുവുമായി ബന്ധപ്പെട്ടത് എന്നിങ്ങനെ ഖദ്ർ രണ്ട് തരത്തിലുണ്ടെന്ന് പ്രസ്താവിച്ച പണ്ഡിതൻ?
A ഇമാം റാഗിബ്(റ) B ഇമാം റാസി(റ)
C ഇബ്നു ജരീർ(റ) D ഇബ്നുൽ ഖയ്യിം(റ)

70. ഹിശാം ബ്നുൽ ഹകം ആരാണ്?
A സ്വഹാബി B താബിഈ പണ്ഡിതൻ
C മുഅ്തസില നേതാവ് D ശീഅ നേതാവ്

71. നഖ്ലയിലെ ഒരു വൃക്ഷം?
A الْعُزَّى B طَلْح C زَقُوم D ضَرِيع

72. നമ്മളിൽ നിന്നുള്ള ഒരേ ഒരു മനുഷ്യനേയോ നാം പിൻപറ്റുന്നു. അങ്ങിനെയാണെങ്കിൽ നിശ്ചയമായും നാം വഴിപിഴവിലും കിറുക്കിലും തന്നെയായിരിക്കും എന്ന് പറഞ്ഞതാര്?
A മുശ്രിക്കുകൾ B നൂഹ്(അ)യുടെ ജനത C ആദ് ഗോത്രം D ഥമൂദ് ഗോത്രം

73. "അല്ലാഹുവേ നിന്റെ വാഗ്ദാനവും കരാറും പാലിക്കണേ നീ ഉദ്ദേശിക്കുകയാണെങ്കിൽ ഇന്നത്തെ ദിവസത്തിനു ശേഷം നീ ആരാധിക്കപ്പെടുകയുണ്ടാകുകയില്ല." ഇത് നബി(സ) ഏത് യുദ്ധ സമയത്ത് പ്രാർഥിച്ചതാണ്?
A ബദ്ർ B ഉഹ്ദ് C ഖന്തക്ക് D ഖൈബർ

74. സൂറത്തുൽ ഖമറിൽ അല്ലാഹു പറഞ്ഞ നരകം ഏത്?
جَهَنَّم B جَحِيم C لَظًى D نَارٌ

75. ഖദ്ർ എന്നാൽ വസ്തുക്കൾ ഉണ്ടാകുന്നതിന് മുമ്പ് അല്ലാഹു അവയെപ്പറ്റി അറിയുകയും അവയെ സൃഷ്ടിക്കുന്നതിന് മുമ്പ് അവയെ രേഖപ്പെടുത്തിവെക്കലുമാകുന്നു. ഇത് ആരുടെ ക്വുർആൻ വ്യാഖ്യാനത്തിൽ നിന്നുള്ളതാണ്?
A ഇമാം റാസി(റ) B ഇബ്നുകഥീർ(റ) C ഇബ്നു അബ്ബാസ്(റ) D ഇമാം ത്വബ്രി(റ)

76. സൂറത്തുൽ ഖമറിൽ എത്ര വചനങ്ങളുണ്ട്?
A 49 B 52 C 55 D 62

77. മുശല്ലൽ എന്നതിന് യോജിച്ചുവരുന്നതേത്?
A ഖുസാഅ ഗോത്രക്കാരുടെ വിഗ്രഹം
B ഒരു ക്രിസ്തീയ പുരോഹിതൻ
C മക്കയുടേയും മദീനയുടേയും ഇടയിലുള്ള സ്ഥലം
D സ്വാലിഹ് നബി(അ) യുടെ ഒട്ടകത്തെ കൊന്ന വ്യക്തി

78. ضِزى എന്ന പദത്തിന്റെ അർഥം?
A നീതികെട്ട B വ്യാമോഹിക്കുന്നത് C അശ്രദ്ധയിലാവുക D വിട്ടുകൊടുക്കുക

79. സൂറത്തുറഹ്മാനിൽ അല്ലാഹു ജിന്നുകളെയും മനുഷ്യരെയും വെല്ലുവിളിക്കുന്ന വചനമേത്?
A 33 B 41 C 67 D 72

80. نُحَاس എന്ന പദത്തിന്റെ അർഥം?
A പുക B ജ്വാല C ചൂളമണ്ണ് D സുഗന്ധം

81. സൂറത്തുറഹ്മാനിൽ പനിനീരിനോടും എണ്ണക്കിടത്തോടും അല്ലാഹു ഉപമിച്ചത് എന്തിനെയാണ്?
A സ്വർഗം B ആകാശം C കടൽ D ശിക്ഷ

82. കുറ്റവാളികൾ വ്യാജമാക്കിക്കൊണ്ടിരുന്നതായ നരകം ഇതാകുന്നു. നരകത്തിന് ഉപയോഗിച്ച പദം ഏത്?
A نَارِ B سَقر C جَهَنَّم D جَحِيم

83. فَذُوقُوا عَذَابِي وَنُذُرِ എന്ന വചനം സൂറത്തുൽ ഖമറിൽ എത്ര തവണ വന്നിട്ടുണ്ട്?
A 2 B 4 C 5 D വന്നിട്ടില്ല

84. കാറ്റുമുഖേന അല്ലാഹു ശിക്ഷിച്ച സമൂഹം?
A നൂഹ്(അ)യുടെ ജനത B ആദ് സമുദായം
C ഥമൂദ് സമുദായം D ലൂത്വ്(അ)യുടെ ജനത

85. هَشِيم എന്ന പദത്തിന്റെ അർഥം?
A കിറുക്ക് B മുരട് C പരാജിതർ D ചില്ലിത്തുരുമ്പ്

86. عِبَاد مُّكْرَمُون ആരാണ്?
A വിശ്വാസികൾ B മലക്കുകൾ C പ്രവാചകന്മാർ D ശുഹദാക്കൾ

87. ആരുടെ മകൾക്കാണ് ബർറ എന്ന് നാമകരണം ചെയ്തത്?
A അബൂസലമ(റ) B അംറ്ബ്നുൽ ആസ്(റ)
C മുഹാജിർ(റ) D സഅദ് ബ്നു അബീവഖാസ്(റ)

88. അധിക പ്രശംസ നടത്തുന്നവരെ കണ്ടാൽ അവരുടെ മുഖത്ത് മണ്ണ് വാരിയിടുവാൻ ഞങ്ങളോട് നബി(സ) കൽപ്പിച്ചിരിക്കുന്നു എന്ന ഹദീസ് ആരാണ് ഉദ്ധരിച്ചത്?
A ബുഖാരി B മുസ്ലിം C തിർമുദി D നസാഇ

89. നിസാരപാപങ്ങൾ എന്നർഥം വരുന്ന പദം?
A إِثْم B الْفَوَاحِش C اللَّمَم D الذَّنَب

90. താഴെ കൊടുത്തതിൽ സൂറത്തുനജ്മിൽ പേര് പറയാത്ത പ്രവാചകൻ ആര്?
A മൂസാ(അ) B ഇബ്റാഹീം(അ) C നൂഹ്(അ) D ഈസാ(അ)

91. നരകത്തിന്റേയും ചുട്ടുതിളക്കുന്ന വെള്ളത്തിന്റേയും ഇടയിലായി അവൻ ചുറ്റി അലയും എന്ന് പറഞ്ഞത് ആരെ സംബന്ധിച്ചാണ്?
A مُحَرم B مُشْرِك C كَافِر D مُنَافِق

92. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് രണ്ട് സ്വർഗമുണ്ടെന്ന് പറയുന്ന വചനം ഏത് അധ്യായത്തിലാണ്?
A സൂറ.നജ്മ് B സൂറ.ഖമർ C സൂറ.വാഖിഅഃ D സൂറ.റഹ്മാൻ

93. ഞാൻ പരലോക ശിക്ഷയെ ഭയപ്പെടുന്നു എന്നുപറഞ്ഞ മുശ്രിക്കുകളുടെ നേതാവ്?
A അബൂജഹൽ B ഉത്ത്ബത്ത് C വലീദ്ബ്നു മുഗീറ D ഹുയയ്യ്ബ്നു അഹ്തബ്

94. أَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَى ഈ വചനം ഏത് അധ്യായത്തിലാണ്?
A സൂറ.നജ്മ് B സൂറ.ദുഖാൻ C സൂറ.വാഖിഅഃ D സൂറ.ദാരിയാത്ത്

95. സൂറത്തുനജ്മിൽ ഒരേ വചനങ്ങളിൽ പരാമർശിക്കാത്ത വിപരീത പദങ്ങൾ?

A أَضْحَكَ وَأَبْكَى B حَياة وَمَوت C الذَّكَر وَالأُنثى D الأَغْنى وَأَقنى

96. ഒരു മനുഷ്യന്റെ മരണശേഷം മുറിഞ്ഞുപോകാത്ത കാര്യങ്ങളിൽ പെടാത്തത് ഏത്?

A ദാനധർമം B ഉപകാരപ്രദമായ അറിവ്

C പ്രാർഥിക്കുന്ന മകൻ D മരിച്ചവർക്ക് വേണ്ടിയുള്ള ക്വുർആൻ പാരായണം

97. إِسْتَبْرَق കൊണ്ടുള്ള വിവക്ഷ എന്താണ്?

A കുടുമ B വിരിപ്പ് C കട്ടിപ്പട്ട് D ലംഘനം

98. സൂറത്തുറഹ്മാനിൽ സ്വർഗീയ സ്ത്രീകളുടെ വിശേഷണമായി പറയാത്തത് ഏത്?

A قَاصِرات B خَيْرَات C مَقْصُورات D مُحْسَنَات

99. ഉത്തമ സ്വഭാവമുള്ളവരും മുഖസൗന്ദര്യമുള്ളവരുമാണ് خَيْرات الْحِسان കൊണ്ടുള്ള ഉദ്ദേശം. ഈ ഹദീസ് നിവേദനം ചെയ്തതാര്?

A അബൂഹുറയ്റ(റ) B ഉമ്മുസലമ(റ) C ഇബ്നു അബ്ബാസ്(റ) D അബൂബക്കർ(റ)

100. ത്വാഹിർ എവിടുത്തെ ഭരണത്തലവനായിരുന്നു?

A തുർക്കി B ഖുർദിസ്ഥാൻ C ഖുറാസാൻ D കോൺസ്റ്റാന്റിനോപ്പിൾ